# കൃഷിയെ പുനരുദ്ധരിയ്ക്കാൻ കർഷകർക്കൊരു വരുമാന കമ്മീഷൻ വേണം

ദേവിന്ദർ ശർമ്മ
തർജ്ജമ: എസ്. ഉഷ



*ഫോട്ടോ: സുനിൽ 'സപര്യ'*

**'ഹരിത വിപ്ലവ'ത്തിന്റെ ഉദയം കഴിഞ്ഞ് നാൽപത് വർഷം പിന്നിട്ടപ്പോൾ ഇന്ത്യയിലെ കൃഷി വീണ്ടുമൊരു വഴിത്തിരിവിലെത്തിയിരിക്കുകയാണ്. വർഷങ്ങളായി കൃഷി ആദായകരമല്ലാത്തൊരു പ്രവർത്തിയായി മാറുകയും കൃഷിയിലെ ചെലവും വരുമാനവും തമ്മിലുള്ള അനുപാതം ഇടറുകയും ചെയ്യുമ്പോൾ, കാർഷിക വളർച്ച താഴോട്ട് കുതിക്കുന്നു. കാടും വനഭൂമിയും നശിപ്പിക്കപ്പെടുമ്പോഴും, മണ്ണിന്റെ ഫലപുഷ്ടി കുറയുമ്പോഴും, ജലവിതാനം അപകടകരമായ വിധത്തിൽ താഴുമ്പോഴും, പാവപ്പെട്ട ഗ്രാമീണ ജനതയ്ക്ക് ജോലിയന്വേഷിച്ച് നഗരങ്ങളിലേക്ക് പലായനം ചെയ്യുക എന്നല്ലാതെ മറ്റൊരു വഴിയില്ല. ഇത്തരത്തിലുള്ള അസന്തുലിതമായ വികസനം സാമൂഹ്യ തകർച്ചയ്ക്ക് വഴിവച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു.**

'**കപ്പലിൽ** നിന്ന് വായിലേക്ക്' എന്ന അവസ്ഥയിൽ നിന്ന് പുറത്തുവന്ന ഒരു രാജ്യത്തിന് പിന്നീട് ഭക്ഷ്യശേഖരം ഉണ്ടാക്കാനും തുല്യമായ വളർച്ചയും വികസനവും ദേശീയ ഭക്ഷ്യസുരക്ഷയും ഉറപ്പാക്കാനുമുള്ള ഒരേയൊരു വഴി നിലനിൽക്കുന്ന കാർഷിക രീതി വളർത്തിയെടുക്കുക മാത്രമായിരുന്നു. ഭക്ഷ്യ സ്വയം പര്യാപ്തതയെന്ന പ്രചാരണവുമായെത്തിയ ഹരിത വിപ്ലവ സാങ്കേതിക വിദ്യ പാരിസ്ഥിതികമായ ഒട്ടേറെ പ്രശ്നങ്ങൾക്ക് വഴിവച്ചു. ഏകവിള കൃഷി, യന്ത്രങ്ങൾ കൊണ്ടുള്ള ഉഴൽ, മണ്ണൊലിപ്പ്, വനഭൂമിയിലേക്കുള്ള കൃഷിയുടെ കടന്നുകയറ്റം, രാസവസ്തുക്കളുടെ അനിയന്ത്രിതമായ ഉപയോഗം എന്നിവയെല്ലാം ഇന്ന് രാജ്യത്തെ കടുംകൃഷി ചെയ്യുന്ന ഭൂമിയിലെല്ലാം തന്നെ പാരിസ്ഥിതിക പ്രത്യാഘാതത്തിന് ഇടവരുത്തിയിട്ടുണ്ട്.

ഹരിതവിപ്ലവം കയ്ക്കുക മാത്രമല്ല, പൂർണ്ണമായും തകർന്നു കൊഴിയുക കൂടി ചെയ്തിരിക്കുന്നു. വിശദീകരിയ്ക്കാൻ കഴിയാത്ത കർഷക ആത്മഹത്യകൾ ഈ തകർച്ചയ്ക്ക്, സമവാക്യങ്ങൾ തെറ്റിയതിന്, നല്ലൊരു തെളിവാണ്. എങ്കിലും, നിലനിൽക്കുന്ന ജീവനോപാധികളുടെ തകർച്ചയെന്ന അടിസ്ഥാന പ്രശ്നം ഇപ്പോഴും ആരും ഗൗരവമായി കാണുന്നില്ല. സർക്കാരിന്റെ പ്രോത്സാഹനത്താൽ അന്ധമായി കടുംകൃഷിയിലേക്കെടുത്തു ചാടിയ ഗ്രാമങ്ങളെല്ലാം തന്നെ ഇന്ന് ദാരിദ്ര്യത്തിന്റെയും ഉയരുന്ന കടത്തിന്റെയും ഒരു ചെളിക്കുണ്ട് ആയി മാറിയിരിക്കുകയാണ്. നിലനിൽപെന്നത് പ്രശ്നമല്ലാത്ത ഒരു ഗ്രാമവും ഇന്ന് കാണാൻ കഴിയില്ല. അതിവേഗത്തിൽ കുറഞ്ഞു കൊണ്ടിരിക്കുന്ന വിളവ്, ശ്വാസം മുട്ടിക്കൊണ്ടിരിക്കുന്ന മണ്ണ്, കൃഷിഭൂമിയിൽ നിന്ന് പുറന്തളപ്പെടുന്ന കർഷകർ ഇതാണ് ഗ്രാമങ്ങളുടെ സ്ഥിതി വിശേഷം.

ഈ രാജ്യത്ത് ഗ്രാമങ്ങൾ തന്നെ വിൽക്കാൻ വച്ചിരിക്കുന്നത് അതിനാൽ ഒരു അത്ഭുതമല്ല.

പ്രധാനമന്ത്രി ശ്രീ. മൻമോഹൻ സിംഗ് കാർഷിക പ്രതിസന്ധിയുടെ വ്യാപ്തിയെ അംഗീകരിക്കാൻ തയ്യാറായത് ഇപ്പോഴും തുടർന്നു കൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകൾ കാരണമല്ല. 1 ശതമാനത്തിനും 2 ശതമാനത്തിനും ഇടയിലായി തട്ടിക്കളിച്ചു കൊണ്ടിരിക്കുന്ന കാർഷിക വളർച്ചാ നിരക്ക് വ്യാവസായിക വളർച്ചയേയും ബാധിച്ചിരിക്കുന്നു. ഇത് രാജ്യത്തിന്റെ മൊത്തം സാമ്പത്തിക വളർച്ചയെയും നിയന്ത്രിച്ചു തുടങ്ങിയതോടെയാണ് പ്രധാനമന്ത്രിക്ക് ഉൾക്കണ്ഠയുണ്ടായത്.

ഇതിനൊരു മറുമരുന്നായി, കാർഷിക വളർച്ച ത്വരിതപ്പെടുത്താനുള്ള അടിയന്തിര ശ്രമത്തിന്റെ ഭാഗമായി കാർഷികമേഖലയിൽ കൂടുതൽ പണമിറക്കാനുള്ള പല പദ്ധതികളും പ്രധാനമന്ത്രി നിർദ്ദേശിച്ചിട്ടുണ്ട്. കർഷകർക്ക് കൂടുതൽ വായ്പാ സൗകര്യം, ഊഹക്കച്ചവടത്തെ ശക്തിപ്പെടുത്തൽ, കോൺട്രാക്ട് ഫാമിംഗ്, കാർഷിക ഉൽപന്നങ്ങൾക്കുള്ള 'single market', കർഷകർക്ക് ആധുനിക സാങ്കേതിക വിദ്യ ലഭ്യമാക്കൽ തുടങ്ങിയവയാണിവ.

ആന്ധ്രാപ്രദേശിലെ മുൻമുഖ്യമന്ത്രി ശ്രീ. ചന്ദ്രബാബു നായിഡു മുമ്പോട്ട് വച്ച അദ്ദേഹത്തിന്റെ തന്നെ തോൽവിക്ക് ഇടയാക്കിയ, പരാജയപ്പെട്ട vision 2020 എന്ന ആശയത്തിന് സമാനമാണ്, കാർഷിക പ്രതിസന്ധി രൂക്ഷമാക്കാൻ വഴിവയ്ക്കുന്ന പ്രധാനമന്ത്രിയുടെ മുൻപറഞ്ഞ നിർദ്ദേശങ്ങൾ.

ഇതുകൊണ്ടുതന്നെ പ്രാദേശികമായി യോജിക്കുന്ന കാർഷിക സമ്പ്രദായങ്ങൾ വളർത്തിയെടുക്കാനായി ഒരു ദേശീയ രൂപരേഖ അടിയന്തിരമായി ഉണ്ടാകേണ്ടിയിരിക്കുന്നു. നയങ്ങൾ തീരുമാനിക്കുന്നതിനു മുമ്പ് നിലനിൽക്കുന്ന യാഥാർത്ഥ്യത്തെ കണ്ടുകൊണ്ട് ഒരു പുതിയ സമീപനം തന്നെ ഇതിനാവശ്യമാണ്. എന്നാൽ നിർഭാഗ്യവശാൽ അമേരിക്കയിലും യൂറോപ്പിലും പോലും പരാജയപ്പെട്ട ഒരു കാർഷിക സമ്പ്രദായം വളർത്തിയെടുക്കാനുള്ള നയമാണ് പ്രധാനമന്ത്രി രാജ്യത്തിനുമേൽ അടിച്ചേൽപിക്കുന്നത്. അമേരിക്കയിലും യൂറോപ്പിലും കർഷകരെ പുറത്താക്കിയ കാർഷിക വികസനമാണിത്. ഇന്ന് അമേരിക്കയിൽ കൃഷിയിലേർപ്പെട്ടിരിക്കുന്ന 7 ലക്ഷം ജനങ്ങളേ ബാക്കിയുള്ളു. യൂറോപ്പിൽ ഓരോ മിനിട്ടിലും ഒരു കർഷകൻ കൃഷിഭൂമി ഉപേക്ഷിച്ചു കൊണ്ടിരിക്കുന്നു.

ഇന്ത്യയിലെ കാർഷിക പുനരുദ്ധാരണത്തിനു വേണ്ട വിദഗ്ദ്ധ നയം അതിനാൽ വ്യത്യസ്തമാകേണ്ടിയിരിക്കുന്നു.

വിലക്കയറ്റത്തിന്റെയും ആഗോളവൽക്കരണ-ഉദാരവൽക്കരണ നയങ്ങളുടെയും പേരു പറഞ്ഞ് കേന്ദ്ര സർക്കാർ 6-ാം ശമ്പളക്കമ്മീഷനുവേണ്ട രൂപരേഖ തയ്യാറാക്കി കഴിഞ്ഞു. 4.2ദശലക്ഷത്തോളം വരുന്ന കേന്ദ്രസർക്കാർ ജീവനക്കാർക്കും 20 ദശലക്ഷത്തോളം വരുന്ന സംസ്ഥാന സർക്കാർ ജീവനക്കാർക്കും കൂടുതൽ ശമ്പളം ഉറപ്പാക്കുന്നതാണിത്. ഇത് നൽകുന്നതിനു വേണ്ടി ഒരു വർഷത്തേക്കു 1,00,000 കോടി രൂപ സർക്കാരിന് അധിക ചെലവ് വരും. മറുവശത്താകട്ടെ 110 ദശലക്ഷത്തോളം വരുന്ന കർഷക കുടുംബങ്ങൾക്ക് സർക്കാർ വാഗ്ദ്ധാനം ചെയ്യുന്നത് കൂടുതൽ വായ്പയാണ് - വരുന്ന മൂന്ന് വർഷത്തിനുള്ളിൽ വായ്പ ഇരട്ടിയാക്കും! ഇപ്പോഴും വിശദീകരിയ്ക്കാത്തൊരു കാര്യം സമൂഹത്തിലെ മറ്റു ആളുകളെല്ലാം എല്ലാ മാസവും കൃത്യമായ ഒരു ശമ്പളം പറ്റുമ്പോൾ എന്തുകൊണ്ട് കർഷകർ മാത്രം വായ്പ കൊണ്ട് ജീവിക്കണമെന്ന് സർക്കാർ ശഠിക്കുന്നു?

വെറുതെയല്ല കർഷക ആത്മഹത്യ തുടർന്നു കൊണ്ടിരിക്കുന്നത്. പ്രധാനമന്ത്രിയുടെ ജൂലൈയിലെ സന്ദർശനത്തിനു ശേഷം, 3750 കോടി രൂപയുടെ കടാശ്വാസ പാക്കേജ് പ്രഖ്യാപിച്ചതിനുശേഷം നവംബർ 30നുള്ളിൽ മഹാരാഷ്ട്രയിലെ വിദർഭയിൽ 1200 കർഷകരാണ് ആത്മഹത്യ ചെയ്തത്. രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലും ഗ്രാമീണ പ്രകൃതി ഇതുപോലെ തന്നെ ദയനീയമാണ് - കുന്നുകൂടിക്കൊണ്ടിരിക്കുന്ന കടം, കൊയ്ത്തുകാലത്തുള്ള അനിയന്ത്രിതമായ വിലയിടിവ്, ഗ്രാമങ്ങളിൽ നിന്ന് നഗരങ്ങളിലേക്കുള്ള കുടിയേറ്റ വർദ്ധനവ്....

കൃഷി ഒരു നഷ്ടക്കച്ചവടം മാത്രമായി മാറിക്കൊണ്ടിരിക്കേ 40 ശതമാനത്തോളം കർഷകർ കൃഷിയുപേക്ഷിച്ച് നഗരങ്ങളിലേക്ക് ചേക്കേറാൻ ആഗ്രഹം പ്രകടിപ്പിച്ചിരിക്കുന്നത് അത്യാഗ്രഹം കൊണ്ടല്ല. എങ്ങനെയെങ്കിലും ജീവിക്കാൻ വേണ്ടിയാണ്. നാഷണൽ സാമ്പിൾ സർവേ ഓർഗനൈസേഷന്റെ ഏറ്റവും പുതിയ റിപ്പോർട്ട് പരിശോധിക്കുക. 2003ൽ ഒരു കർഷക കുടുംബത്തിന്റെ ശരാശരി മാസവരുമാനം 2,115 രൂപയാണ്. സർക്കാർ ജീവനക്കാരിലെ ഏറ്റവും താഴെത്തട്ടിലുള്ള ഒരു പ്യൂണിന്റെ മാസവരുമാനവുമായി ഇതിനെ താരതമ്യം ചെയ്യുകയാണെങ്കിൽ ഇതിന്റെ നാലഞ്ചിരട്ടിയെങ്കിലുമായിരിക്കും അത്. ഇത്തരത്തിൽ ഒരു സർക്കാർ ജീവനക്കാരൻ എല്ലാ മാസവും കൃത്യമായ ഒരു വരുമാനം ഉറപ്പാക്കി ജീവിക്കുകയും എല്ലാ വർഷവും "വിലക്കുടുതൽ" കണക്കാക്കി സർക്കാർ കൃത്യമായ ഒരു ശമ്പള വർദ്ധന നൽകുകയും ചെയ്യുമ്പോൾ, ഒരു കർഷകൻ ജീവിക്കുന്നത് ഒരു വട്ടിപ്പലിശക്കാരന്റെയോ ബാങ്കിന്റെയോ ദയാവായ്പിലാണ്.

മറ്റൊരു കണക്കുകൂടി ശ്രദ്ധിച്ചാൽ കർഷകന് സംഭവിച്ചിട്ടുള്ള നഷ്ടം കുറേക്കൂടി വ്യക്തമാകും. ലോകത്തെല്ലായിടത്തും 1980നും 2003നും ഇടയിൽ കർഷകരുടെ ശരാശരി വരുമാനത്തിൽ കാര്യമായ മാറ്റമൊന്നുമുണ്ടായിട്ടില്ല. യു.എൻ. ന്റെ (UNCTAD) പുതിയൊരു പഠനം പറയുന്നത് എല്ലാ കാർഷിക ഉല്പന്നങ്ങളുടെയും വില താഴോട്ട് പോകുകയാണെന്നാണ്. 1997നും 2001നും ഇടയിൽ എല്ലാ ഉല്പന്നങ്ങളുടെയും ഒരുമിച്ചുള്ള വില സൂചിക 53 ശതമാനം താഴ്ന്നു എന്നാണ് ഈ റിപ്പോർട്ട് സൂചിപ്പിക്കുന്നത്. തൽഫലമായി കാർഷികോൽപന്നങ്ങൾക്ക് അവയുടെ വാങ്ങാനുള്ള കഴിവ് പകുതിയായി കുറഞ്ഞു. ഇന്ത്യയിൽ ഇതിന്റെ പ്രത്യാഘാതം തീക്ഷ്ണമാണ്. തുടർന്നു കൊണ്ടിരിക്കുന്ന കർഷക ആത്മഹത്യകൾ ഇതിന്റെയൊരു പ്രതിഫലനം തന്നെയാണ്.

ഇവിടുത്തെ 60 ശതമാനത്തോളം ജനങ്ങൾക്ക് അവരുടെ വരുമാനത്തിന്റെ 85 ശതമാനവും വരുന്നത് കൃഷിയിൽ നിന്നും മറ്റു കൂലിവേല

യിൽ നിന്നുമാണ്. യഥാർത്ഥത്തിൽ രാജ്യത്തിന്റെ പല ഭാഗത്തും കഴിഞ്ഞ കുറച്ച് വർഷങ്ങൾകൊണ്ട് നാമമാത്ര കർഷകരുടെ വരുമാനം ദിവസക്കൂലിക്കാരന്റെ വരുമാനത്തേക്കാൾ കുറഞ്ഞിരിക്കുകയാണ്!

ഉത്തർപ്രദേശിലെ കർഷകർക്കാണ് ഏറ്റവും കുറഞ്ഞ വരുമാനം -മാസത്തിൽ 1630 രൂപ. മദ്ധ്യപ്രദേശ്, രാജസ്ഥാൻ, ഒറീസ്സ എന്നിവിടങ്ങളിലിത് കുറച്ചുകൂടിയുണ്ട്. ഏറ്റവും കൂടുതൽ വരുമാനം ലഭിക്കുന്നത് ജമ്മുകാശ്മീരിലെ കർഷകർക്കാണ് - 5,500 രൂപ. പഞ്ചാബ്, കേരളം എന്നീ സംസ്ഥാനങ്ങൾ തൊട്ടുപുറകെയുണ്ട്. (ഇത് ശരാശരി കണക്കാണ്). കാർഷിക മന്ത്രാലയത്തിന്റെ പഠനവും കാണിക്കുന്നത് കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ കാർഷിക വരുമാനം ഗണ്യമായി കുറഞ്ഞു എന്നു തന്നെയാണ്. നഗരപ്രദേശങ്ങളിലെ വളർച്ച അസാമാന്യമായി നടക്കുമ്പോഴാണ് ഗ്രാമങ്ങളിലെ കർഷകരുടെ വരുമാനം ഇത്ര കണ്ട് കുറയുന്നതെന്നുമോർക്കണം.

കൃഷിയിൽ നിന്നുള്ള വരുമാനം കഴിഞ്ഞ കുറച്ച് വർഷങ്ങൾക്കുള്ളിൽ ഗണ്യമായി കുറഞ്ഞു എന്നകാര്യം നമ്മൾ സമ്മതിച്ചേ പറ്റൂ. മറ്റേതൊരു വ്യക്തിയെയും പോലെ കർഷകനും എല്ലാ മാസവും കൃത്യമായ ഒരു വരുമാനം ലഭിയ്ക്കേണ്ടതുണ്ട്. കുടുംബത്തിലെ അത്യാവശ്യകാര്യങ്ങൾ നടത്താനും അടുത്തൊരു വിളവെടുപ്പിനുള്ള നീക്കിയിരുപ്പിനും വേണ്ടിയാണിത്. ഒരു സർക്കാർ ജീവനക്കാരന് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും മെഡിക്കൽ അലവൻസും ശമ്പളത്തോടു കൂടിയ അവധികളും എന്തിനും ഏതിനും വായ്പയും ലഭിക്കുമ്പോൾ കർഷകന് ഇതെല്ലാം അപ്രാപ്യമായി തുടരുന്നു.

എല്ലാ പ്രതികൂല സാഹചര്യങ്ങളെയും തരണം ചെയ്തുകൊണ്ട്, കുറഞ്ഞ വരുമാനമായിരുന്നിട്ടുകൂടി, ഇത്രയും കാലം രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്കുവേണ്ടി ഇവിടുത്തെ കർഷകർ ഏറെ കഷ്ടപ്പെട്ടു.ആരോഗ്യമുള്ളൊരു കാർഷികരംഗം ദേശീയ സാമ്പത്തിക ഉന്നമനത്തിന് വഴിവയ്ക്കുന്നുവെന്ന കാര്യം നമ്മൾ മറന്നുകൂടാ.

ഇന്ന് ചില വിളകൾക്ക് കൊടുത്തു കൊണ്ടിരിക്കുന്ന താങ്ങുവില പോലെ ഒരു നിശ്ചിത വരുമാനം കർഷകർക്ക് ലഭിക്കുന്ന വിധത്തിൽ ഒരു കണക്ക് കൂട്ടൽ നടത്താൻ ദേശീയ കർഷക കമ്മീഷനെ ചുമതലയേൽപിക്കണം. ഉല്പാദന ക്ഷമത അടിസ്ഥാനപ്പെടുത്തിയല്ലാതെ കാർഷിക ഭൂമി സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ കാർഷിക കാലാവസ്ഥാ പ്രത്യേകതകൾ കണക്കിലെടുത്ത് ഒരു നിശ്ചിത വരുമാനം കർഷകർക്ക് ലഭിക്കുന്ന വിധത്തിൽ ഒരു ഫോർമുല തയ്യാറാക്കണം. ഈ ഫോർമുലയെ അടിസ്ഥാനപ്പെടുത്തി കൃഷിക്കാർക്ക് ഒരു നിശ്ചിത വരുമാനം ലഭിക്കുമെന്ന് സർക്കാർ ഉറപ്പാക്കുകയും വേണം.

ലോകബാങ്കിന്റെ ലിസ്റ്റ് പ്രകാരം സമ്പന്നതയുടെ കാര്യത്തിൽ 12-ാം സ്ഥാനത്തു നിൽക്കുന്ന, 2005ലെ മൊത്ത ആഭ്യന്തര ഉൽപന്നം (GDP) 35,34,915 കോടിയിലെത്തി നിൽക്കുന്ന ഒരു രാജ്യം അതിന്റെ അന്ത്യശ്വാസം വലിച്ചുകൊണ്ടിരിക്കുന്ന കാർഷിക മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി ഇത്രയുമെങ്കിലും ചെയ്തിരിക്കണം. 160 ബില്യൺ ഡോളർ വിദേശ റിസർവ് ഉണ്ടെന്ന് അഭിമാനിക്കുന്ന ഒരു രാജ്യം കർഷകരുടെ കണ്ണീരൊപ്പുന്നതിന് മുഖ്യ പരിഗണന നൽകണം. ഇന്നത്തെ പ്രതിസന്ധിയിൽ നിന്ന് കൃഷിയെ കരകയറ്റണമെങ്കിൽ മറ്റൊരു വഴിയുമില്ല. ●

## പിൻകുറിപ്പ്/ഒടുവിൽ കിട്ടിയത്

കേരള കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകർ കൂടുതലായി പറ്റിയ ശമ്പളം (60 കോടി) സർക്കാർ എഴുതിതള്ളാൻ തീരുമാനിച്ചിരക്കുന്നു! അവശ്യസാധനങ്ങളുടെ വിലക്കയറ്റം തടയാൻ പണമില്ല. കർഷകരുടെ കടക്കെണി മൂലമുള്ള ആത്മഹത്യ തടയാൻ പണമില്ല. എന്നാൽ വേണ്ടത്ര പ്രയോജനമില്ലാത്ത സർവ്വകലാശാലയെ പോറ്റാൻ വേണ്ടത്ര പണം! നമ്മൾ ഇടപെടേണ്ടത് ഇപ്പോഴാണ്. മുഖ്യമന്ത്രിയ്ക്കും ധനമന്ത്രിക്കും കൃഷിമന്ത്രിക്കും ഉടനെ എഴുതുക.

വിവരങ്ങൾക്ക്: തണൽ, 0471-2727150, thanal@vsnl.com


## ഡോക്യുമെന്ററി സിനിമകൾ

**ഒരായിരം ദിനങ്ങളും ഒരു സ്വപ്നവും** (1000 Days & A Dream) - പ്ലാച്ചിമട സമരം പുതിയ ഡോക്യുമെന്ററി (ഇംഗ്ലീഷ്/മലയാളം, 40 മിനിറ്റ്)

**കയ്പുനീര്** (മലയാളം),**Bitter Drink** (English) പ്ലാച്ചിമട കൊക്കകോള സമരം/25 മിനിറ്റ്.

**കനവ്** : വയനാട്ടിലെ കനവ് ബദൽ വിദ്യാഭ്യാസ (ഗുരുകുല) ത്തെക്കുറിച്ച്. / 35 മിനിറ്റ്.

**ബാക്കിപത്രം** : ചാലിയാർ/മാവൂർ ഗ്രാസിം സമരത്തെക്കുറിച്ച് / 35 മിനിറ്റ്.

സംവിധാനം-സി. ശരത്ചന്ദ്രൻ, പി. ബാബുരാജ്, നിർമ്മാണം : തേഡ് ഐ കമ്യൂണിക്കേഷൻ.

**Stolen Water** (അപഹരിക്കപ്പെട്ട ജലം)

27 മിനിട്ട്, പ്ലാച്ചിമട, സംവിധാനം : ദയ, പ്രശാന്ത്

**കരിമുകൾ**, 30 മിനിട്ട്, മലയാളം ഡോക്യുമെന്ററി, സംവിധാനം : മണിലാൽ.

**പുഴ ജീവനുവേണ്ടി** (River for Life)

സംവിധാനം : അമിതാബച്ചൻ, 34 മിനിട്ട്.

**പുഴയുടെ അവകാശികൾ** (River Dam Damn)

സംവിധാനം : മണിലാൽ, 24 മിനിട്ട്.

**വെള്ളക്കള്ളൻ** (Water Thief) പ്ലാച്ചിമട ഫോട്ടോ പ്രസന്റേഷൻ മധുരാജ്-മാതൃഭൂമി, 30 മിനിട്ട്.

**Source of Life for Sale**, 60 mts., Direction : K.P. Sasi

വി.സി.ഡി/ഡി.വി.ഡി/വി.എച്ച്.എസ് കാസറ്റ്. കോപ്പികൾക്കും പ്രദർശനത്തിനും

**കേരളീയം**

കൊക്കാലെ, തൃശൂർ 21.

ഫോൺ : 9388872845, 9447674375